**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1307** 07.06.2018- ൽ മറുപടിക്ക്

## കരമന-കളിയിക്കാവിള ദേശീയപാത വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ**<br>**,, എം. വിൻസെന്റ്**<br>**,, കെ.മുരളീധരൻ**<br>**,, കെ.എസ്.ശബരീനാഥൻ** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ രണ്ടാം ഘട്ടമായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള പ്രവർത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ; | (എ) കരമന - കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഒന്നാംഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം (കൊടിനട) വരെയുള്ള 5 കി.മി ഭാഗത്തെ നിർമ്മാണപ്രവർത്തികൾക്ക് കിഫ്ബി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ ഒരു കമ്പനി മാത്രമാണോ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ രണ്ട് കമ്പനികൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. |
| (സി) മേൽ സാഹചര്യത്തിൽ, റീ-ടെൻഡർ വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (സി) നിലവിലെ സാഹചര്യത്തിൽ, റീ-ടെണ്ടർ വിളിക്കുവാൻ തീരുമാനിച്ചിട്ടില്ല. |
| (ഡി) പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള റോഡ് വികസനത്തിനുള്ള അടങ്കൽ തുകയെത്രയാണ്; അതിനായി കിഫ്ബിയിൽ നിന്നും എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഡി) പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള റോഡ് വികസനത്തിനുള്ള അടങ്കൽ തുക 97,54,05,399/- രൂപയാണ്. കരമന - കളിയിക്കാവിള ഒന്നാംഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 162.46 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | പഴയ രാജപാതയിലെ 22 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (ഇ) പ്രാവച്ചമ്പലം - ബാലരാമപുരം സ്ഥലമേറ്റെടുക്കൽ നടപടിയിൽ കുടിയൊഴിപ്പിക്കുന്ന പഴയ രാജപാത നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നം.4-ൽ റീസർവ്വേ 58/1-ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്നും 3 സെന്റ് വീതം, മുക്കുന്നി മല സർക്കാർ എയ്ഡഡ് റബ്ബർ പ്ലാന്റേഷൻ സൊസൈറ്റി ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ള 13074/15 നമ്പർ റിട്ട് ഹർജിയുടെ തീർപ്പിന് വിധേയമായി അനുവദിച്ച് നൽകുന്നതിനും പ്രസ്തുത സ്ഥലത്ത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും 13.11.2017-ലെ സ.ഉ (കൈ) നം. 378/17/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത കേസ് 31.05.2018-ന് സർക്കാരിനനുകൂലമായി തീർപ്പായിട്ടുള്ളതും ബഹു. ഹൈക്കോടതിയിൽ നിന്ന് ജഡ്ജ്മെന്റ് ലഭ്യമായാലുടൻ തന്നെ പഴയ രാജപാത നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | രണ്ടാംഘട്ടപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കരമന - കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ പൊതുമരാമത്ത് പി.പി.യു വിഭാഗം തയ്യാറാക്കിയ അലൈൻമെന്റ് പ്ലാൻ സാധ്യതാപഠനത്തിനും അനുമതിക്കുമായി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകാരം നൽകുമ്പോൾ ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ